# അമ്പാടിയിലേക്ക്



മായംകളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ
നിന്നുവിളങ്ങിന നന്ദകുമാരനെ-
ച്ചെന്നങ്ങു കാണ്മതിന്നായിച്ചെമ്മേ
അക്രൂരമായൊരു മാനസംപൂണ്ടുള്ളൊ-
രക്രൂരനാകിന യാദവന്താൻ
ചൊൽക്കൊണ്ടു നിന്നൊരു തേരിൽക്കരേറിയ-
ദ്ദിക്കിനെ നോക്കി നടന്നാനപ്പോൾ.
പോകുന്നനേരത്തു തന്നിലേ നണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി-
'കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ.
ആയർകോൻതന്നുടെ കാന്തിയായുള്ളൊരു
പീയൂഷവാരിതൻ പൂരംതന്നെ
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളുർപ്പിച്ചു നിൽപ്പനോ ഞാൻ.
കാർവർണ്ണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-
ന്നാനന്ദമാടിക്കളിക്കുമോ താൻ?
കണ്ണന്റെ തൂമൊഴിയായൊരു തേൻകൊണ്ടെൻ
കർണ്ണങ്ങൾ രണ്ടും നിറച്ചു ചെമ്മേ
പൂമാതുപൂണുന്ന പൂമേനികണ്ടുക-
ണ്ടാമോദം പൂണ്ടങ്ങു നിൽപ്പനോ ഞാൻ?
പുഞ്ചിരിയായൊരു തൂനിലാവേറ്റു നി-
ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ

ഉല്ലസിച്ചാനന്ദമായൊരു തേനുംപൂ-
ണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു?
വെണ്ണ പിരണ്ടിട്ടു തിണ്ണം കുളുർത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നുതാവൂ.
കണ്ടൊരു നേരത്തു കാർമുകിൽവർണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ.
ചേവടി രണ്ടുമെടുത്തുടൻ മെല്ലവേ
ചൊവ്വോടു മൗലിയിൽ ചേർത്തുതാവൂ.'
ഇങ്ങനെ തന്നിലേ ചിന്തിച്ചുചിന്തിച്ചു
പൊങ്ങിന കൗതുകം പൂണ്ടുപൂണ്ട്
സായമായുള്ളൊരു കാലം വരുന്നപ്പോ-
ളായർകുലം തന്നിൽ ചെന്നു പുക്കാൻ.
ആഴിനേർവർണന്റെ ചേവടിത്താരിണ
പൂഴിയിൽക്കാണായി പോകുംനേരം
തേരിൽനിന്നന്നേരം പാരിലിറങ്ങീട്ടു
പാരാതെ കുമ്പിട്ടുകൂപ്പിനിന്നാൻ
ആഴംപൂണ്ടീടുന്നോരാമോദം തന്നാലേ
പൂഴിയിൽവീണു പുരണ്ടാൻ ചെമ്മേ
പിന്നെയെഴുന്നേറ്റു ധന്യമായുള്ളൊരു
നന്ദന്റെ മന്ദിരം തന്നെക്കണ്ടാൻ;
കാലികറന്നുള്ളൊരൊച്ചയുണ്ടെങ്ങുമേ
ബാലന്മാർ കോലുന്ന ലീലകളും
ഒന്നിനോടൊന്നു കലർന്നുകളിക്കുന്ന
കന്നും കിടാക്കളുമുണ്ടെങ്ങുമേ.
കാളകൾ തങ്ങളിൽക്കുത്തിക്കുതർന്നിട്ടു
ധൂളിയെഴുന്നുമുണ്ടോരോരോ ദിക്കിൽ
ധേനുക്കളെച്ചെന്നു ചാലക്കറപ്പാനായ്
ചേണുറ്റ പാൽക്കുഴ ചേർത്തു കൈയിൽ
ചാലേ മുറുക്കിന കാഞ്ചിയുമാണ്ടുള്ള
നീലവിലോചനമാരുണ്ടെങ്ങും
ഗോക്കളെപ്പേർചൊല്ലി നീളെ വിളിക്കയും
പാൽക്കുഴതാവെന്നു ചൊല്ലുകയും
ചേൽക്കണ്ണിമാരുടെ വാക്കുകളിങ്ങനെ
കേൾക്കായി വന്നുതേ പാർക്കുംതോറും
'എന്നുടെ കന്നിനെക്കണ്ടുതില്ലേന്തോഴീ
നിന്നുടെ വീട്ടിങ്കലുണ്ടോ കണ്ടു?'
എന്നങ്ങു തങ്ങളിൽ ചോദിച്ചു നിന്നുള്ള
സുന്ദരിമാരുമുണ്ടങ്ങുമിങ്ങും.

കൃഷ്ണഗാഥ (ചെറുശ്ശേരി)



- "പുഞ്ചിരിയായൊരു തൂനിലാവേറ്റു നി-
  ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ
  ഉല്ലസിച്ചാനന്ദമായൊരു തേനും പൂ-
  ണ്ടല്ലലേ പോക്കുമാറുണ്ടോ വന്നു?"

  ഇത്തരത്തിലുള്ള എന്തെല്ലാം ചിന്തകളാണ് അമ്പാടിയിലേക്കു പോകുന്ന അക്രൂരന്റെ മനസ്സിൽ ഉയരുന്നത്?

- കാഴ്ചയുടെയും കേൾവിയുടെയും എന്തെല്ലാം അനുഭവങ്ങളാണ് അമ്പാടിയിലെത്തിയ അക്രൂരനുണ്ടാകുന്നത്? കുറിപ്പ് തയാറാക്കുക.

- "ആഴംപൂണ്ടീടുന്നോരാമോദം തന്നാലേ
  പൂഴിയിൽ വീണു പുരണ്ടാൻ ചെമ്മേ"

  അക്രൂരന്റെ മാനസികാവസ്ഥ പ്രകാശിപ്പിക്കുന്നതിന് ഈ വരികൾ എത്രമാത്രം സമർഥമാണ്? ചർച്ചചെയ്യുക.

- താഴെ കൊടുത്ത കാവ്യഭാഗങ്ങളിലെ ചമൽക്കാരഭംഗി വിശദമാക്കുക:
  - "കാർവർണൻ തന്നുടെ കൺമുനയായൊരു
    കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
    ദീനനായ് നിന്നൊരു ഞാനായ പൂവിൽ നി-
    ന്നാനന്ദമാടിക്കളിക്കുമോ താൻ?"
  - "അക്രൂരമായൊരു മാനസം പൂണ്ടുള്ളൊ-
    രക്രൂരനാകിന യാദവന്താൻ"

- "കണ്ണന്റെ തൂമൊഴിയായൊരു തേൻകൊണ്ടെൻ
  കർണങ്ങൾ രണ്ടും നിറച്ചു ചെമ്മേ"

  'തൂമൊഴിയായൊരു തേൻ' എന്ന പ്രയോഗം ശ്രദ്ധിച്ചല്ലോ. സമാനങ്ങളായ കല്പനകൾ പാഠഭാഗത്തുനിന്നു കണ്ടെത്തി വിശകലനം ചെയ്യുക.

- ആയർ, ചാലേ, ചെമ്മേ, പുക്കാൻ തുടങ്ങിയ പഴയകാലപദങ്ങൾ പാഠഭാഗത്തുണ്ടല്ലോ. സമാനമായ പദങ്ങൾ കണ്ടെത്തി എഴുതുക.